നമ്പർ: എം. റ്റി. (3) 45386/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 24.12.2009

# സർക്കുലർ നമ്പർ 60/09

വിഷയം: സഹകരണവകുപ്പ് - എം. 782 -ാം നമ്പർ ഗ്ലോബൽ എഡ്യൂക്കേഷൻ & മാനേജ്മെന്റ് സ്റ്റഡീസ് കോ - ഓപ്പറേറ്റീവ് (ജെംസ്) ലിമിറ്റഡിന്റെ 'ബി ' ക്ലാസ് ഓഹരികൾ മലപ്പുറം ജില്ലയിലെ സഹകരണ ബാങ്കുകൾ/ സംഘങ്ങൾ എന്നിവയിൽ നിന്നും സമാഹരിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന: 1. സംഘം ഭരണസമിതിയുടെ 18.05.2009 ലെ 3 -ാം നമ്പർ തീരുമാനം.
2. മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ 29.08.2009 ലെ എച്ച്. എം. സി. 3882/09 നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ എം. 782 -ാം നമ്പർ ഗ്ലോബൽ എഡ്യൂക്കേഷൻ ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് കോ-ഓപ്പറേറ്റീവ് (ജെംസ്) ലിമിറ്റഡിന്റെ ആദ്യ സംരംഭമായ ആർട്സ് & സയൻസ് കോളേജ് 2008-09 അദ്ധ്യായനവർഷം മുതൽ കോഴിക്കോട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തു കൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും, ടി കോളേജിന്റെ കെട്ടിട നിർമ്മാണമുൾപ്പെടെയുള്ള വിവിധ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണെന്നും, സംഘത്തിന്റെ രണ്ടാമത്തെ സംരംഭമായ ലോ കോളേജ് തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണെന്നും, ഈ സാഹചര്യത്തിൽ സംഘത്തിന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനായി മലപ്പുറം ജില്ലയിലെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവയിൽ നിന്നും ബി ക്ലാസ് ഓഹരി സ്വരൂപിക്കുന്നതിന് അനുവാദം നൽകണമെന്നും സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനം കൈക്കൊണ്ട് അപേക്ഷിച്ചിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സഹകരണ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തിച്ചു വരുന്ന സംരംഭം എന്ന നിലയിൽ, ജില്ലയിലെ സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും ബി ക്ലാസ് ഓഹരി സ്വരൂപിക്കുന്നതിനുള്ള സംഘത്തിന്റെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ അപേക്ഷയും, ജോയിന്റ് രജിസ്ട്രാറുടെ ശുപാർശയും സംഘത്തിൽ, സഹകരണസംഘങ്ങൾക്ക് ബി ക്ലാസ് അംഗത്വമെടുക്കാമെന്ന

ബൈലാ വ്യവസ്ഥയും കണക്കിലെടുത്ത്, മലപ്പുറം ജില്ലയിൽ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവയ്ക്ക്, അവയുടെ ബൈലോ വ്യവസ്ഥകൾക്ക് വിധേയമായി എം. 782 -ാം നമ്പർ ഗ്ലോബൽ എഡ്യൂക്കേഷൻ ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് കോ-ഓപ്പറേറ്റീവ് (ജെംസ്) ലിമിറ്റഡിൽ ബി ക്ലാസ് അംഗത്വം എടുക്കാവുന്നതാണെന്ന് അറിയിക്കുന്നു.

ഒപ്പ്,
റാണിജോർജ്ജ്. ഐ. എ. എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:
1. ചെയർമാൻ/സെക്രട്ടറി
   ഗ്ലോബൽ എഡ്യൂക്കേഷൻ & മാനേജ്മെന്റ് സ്റ്റഡീസ് - സഹകരണസംഘം ക്ലിപ്തം നമ്പർ എം. 782 (ജെംസ്)
   രാമപുരം. പി. ഒ, മലപ്പുറം - 679350
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മലപ്പുറം
3. സ്റ്റോക്ക് ഫയൽ
4. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി./എം.റ്റി)

കെ.വി